(ഡി) വികസന സമിതിയിലെ അനൗദ്യോഗികാംഗങ്ങൾക്ക് സിറ്റിംഗ് ഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നമ്പർ 330/2006/RD തീയതി 22-11-2006 പ്രകാരം ഏതെങ്കിലും വകുപ്പിന്റെ നിർദ്ദേശിക്കപ്പെട്ട ഉദ്യോഗസ്ഥന് താലൂക്ക് വികസന സമിതി യോഗത്തിൽ പങ്കെടുക്കാൻ സാധിച്ചില്ലെങ്കിൽ അതിന് ന്യായമായ കാരണങ്ങൾ ബോധിപ്പിച്ച് തൊട്ടു താഴെയുള്ള ഉദ്യോഗസ്ഥനെ അയയ്ക്കേണ്ടതും ഉദ്യോഗസ്ഥൻമാർ പങ്കെടുത്തി ല്ലെങ്കിൽ സമിതി ഉടൻതന്നെ വകുപ്പ് മേധാവിയെ ഇക്കാര്യം അറിയിക്കേണ്ടതു മാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(ബി) തൃപ്തികരമായ കാരണങ്ങളില്ലാതെ താലൂക്ക് വികസന സമിതികളിൽ ഹാജരാകാത്ത ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും സമിതി രൂപീകരിച്ചു കൊണ്ടുള്ള മേൽഉത്തരവിൽ നിഷ്ക്കർഷിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

സർട്ടിഫിക്കറ്റുകൾ ഏകോപിപ്പിച്ച് നൽകാൻ നടപടി

149 (3919) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ആവശ്യമായിവരുന്ന സർട്ടിഫിക്കറ്റുകളായ ജാതി, താമസസ്ഥലം, വരുമാനം, വിധവ, പുനർ വിവാഹം തുടങ്ങിയ സർട്ടിഫിക്കറ്റുകൾ ഏകോപിപ്പിച്ച് നൽകുന്ന കാര്യം നടപ്പിൽ വരുത്തുകയുണ്ടായോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഈ സംവിധാനം വളരെ ഉപകാരപ്രദമാണെന്ന് സർക്കാർ വില യിരുത്തിയിട്ടുണ്ടോ ;

(സി) ജാതി, നേറ്റിവിറ്റി തുടങ്ങിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ചു നൽകിയ തീയതി മുതൽ ചുരുങ്ങിയത് 5 വർഷത്തേക്ക് വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കാലാവധി നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) 27-4-2007-ലെ ജി.ഒ. (കൈയ്യെഴുത്ത്) നമ്പർ 136/07/ആർ.ഡി. പ്രകാരം റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, വിധവ സർട്ടി ഫിക്കറ്റ്, നോൺ റീമാര്യേജ് സർട്ടിഫിക്കറ്റ് എന്നിവ പ്രത്യേക ആവശ്യത്തിനു വേണ്ടിയാണ് നൽകിവരുന്നത്. വരുമാന സർട്ടിഫിക്കറ്റ് 36,000 രൂപവരെ 1 വർഷവും, 36,000 രൂപയ്ക്ക് മുകളിൽ നിലവിലുള്ള വ്യവസ്ഥ തുടരുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

മേൽ സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിക്കുന്നു. മേൽ സർട്ടിഫിക്കറ്റുകളെല്ലാം സംസ്ഥാന ആവശ്യത്തിന് വില്ലേജ് ആഫീസറും സംസ്ഥാനേതര ആവശ്യത്തിന് തഹസിൽദാരുമാണ് നൽകുന്നത്. 1996-ലെ കേരള (പട്ടികജാതി പട്ടിക ഗോത്രവർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്ട് (1996-ലെ 11-ാം ആക്ട്)-ന്റെയും റൂളിന്റെയും വ്യവസ്ഥകൾക്കനുസരിച്ചാണ് സംസ്ഥാനത്ത് പട്ടികജാതിക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. 27-4-2007-ലെ സർക്കാർ ഉത്തരവ് (കയ്യെ) 136/07/ആർ.ഡി. പ്രകാരം പട്ടിക ജാതി/പട്ടികവർഗ്ഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് തഹസിൽദാരും ഇതരവിഭാഗങ്ങൾക്ക് വില്ലേജ് ആഫീസറുമാണ്. സംസ്ഥാനേതര ആവശ്യത്തിന് എല്ലാ വിഭാഗങ്ങൾക്കും ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് തഹസിൽദാരാണ്. റവന്യൂ വകുപ്പിൽനിന്നും പുറപ്പെടുവിച്ച 1-10-2007-ലെ സ.ഉ.(കയ്യെ) 351/07/ആർ.ഡി., 23-9-2008-ലെ സ.ഉ. (കയ്യെ) 318/08/ആർ.ഡി. എന്നീ ഉത്തരവുകളും ഇക്കാര്യത്തിൽ ബാധകമാണ്. ടി ഉത്തരവുകളുടെ പരിധിയിൽനിന്നും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥകൾ ഒഴിവാക്കിയും 20-4-2002-ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) 18/02/പജപവവിവ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാക്കിയും 5-4-2010-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 128/10/ആർ.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി മാത്രമേ ജാതി സർട്ടിഫിക്കറ്റും മറ്റിതര സർട്ടിഫിക്കറ്റുകളും അനുവദിക്കാവൂ. ഓരോ സർട്ടിഫിക്കറ്റിന്റെയും സാധുത, കാലയളവും അവ അനുവദിച്ച് നൽകുന്നതിനുമുള്ള മാനദണ്ഡങ്ങളും, നടപടിക്രമവും വ്യത്യസ്തമാണെന്നിരിക്കെ മേൽ സർട്ടിഫിക്കറ്റുകൾ ഏകോപിപ്പിച്ച് നൽകുന്ന കാര്യം പ്രായോഗികമല്ല. മാത്രമല്ല ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണന യിലുമില്ല. എന്നാൽ ജാതി സർട്ടിഫിക്കറ്റ്, ഡെസ്റ്റിറ്റ്യൂട്ട് (അഗതി), ഫാമിലി മെമ്പർഷിപ്പ്, വരുമാനം, തിരിച്ചറിയൽ, നേറ്റിവിറ്റി, ഡൊമിസൈൽ, റിലേഷൻഷിപ്പ് തുടങ്ങിയ സർട്ടിഫിക്കറ്റുകൾക്ക് വേണ്ടിയുള്ള ഏകീകൃത അപേക്ഷാഫാറം പ്രിന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ ക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥകളും അപേക്ഷാ ഫാറവും സർട്ടിഫിക്കറ്റിന്റെ മാതൃകയും 2002-ലെ കേരള പട്ടികജാതി/പട്ടിക ഗോത്രവർഗ്ഗ സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ചട്ടങ്ങൾക്ക് വിധേയമാണ്.

(സി) ജാതി സർട്ടിഫിക്കറ്റിന് 10 വർഷത്തെ കാലാവധി നിശ്ചയിച്ചത് ദുരുപയോഗപ്പെടുത്തുന്നതായി സർക്കാരിന് വിവിധ സംഘടനകളിൽനിന്നും നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിലാണ് ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി 10 വർഷം എന്നത് പുനഃനിശ്ചയിച്ച് പ്രത്യേകാ വശ്യത്തിന് മാത്രം നൽകുന്നതിന് 23-9-2008-ലെ സ.ഉ.(കയ്യെ) നമ്പർ 318/08/ റവന്യൂ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചത്. 27-4-2007-ലെ സർക്കാർ ഉത്തരവ് (കയ്യെ) നമ്പർ 136/2007/ആർ.ഡി. പ്രകാരം നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നത് ജീവിതകാലത്തേയ്ക്ക് വേണ്ടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly